# കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി

**Kerala Regional Latin Catholic Secretariat**

P.B. No. 620, U.C. College P.O., Aluva - 683102

Tel : 0484-2603705, +91-903700222

kcymlatinofficial@gmail.com

| Chairman | Director | President | General Secretary |
|---|---|---|---|
| **Rt.Rev.Dr. Dennis Kuruppassery** | **Rev.Fr.Anoop Kalathithara OSJ** | **Mr.Paul Jose** | **Mr. Sherin K R** |
| KRLCBC Youth Commission | 8281 588 196 | 8547 444 204 | 7559 922 829 |


KCYM/L/2025/CL/No.14 Date: 07/08/2026

സ്നേഹബഹുമാനപ്പെട്ട വൈദീകരെ, സിസ്റ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയിൽ നിന്നുള്ള സ്നേഹാഭിവാദ്യങ്ങൾ.

# WITNESS! 2026

കഴിഞ്ഞ വർഷത്തിലേതുപോലെ ഈ വർഷവും WITNESS എന്ന പേരിൽ നാഷണൽ യൂത്ത് കൺവെൻഷൻ നടക്കുന്നുണ്ട്. "ധൈര്യമായിരിക്കുവിൻ; ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു" (യോഹന്നാൻ 16:33) എന്ന തീം ആസ്പദമാക്കിയാണ് ഈ വർഷം. WITNESS - 2026 സംഘടിപ്പിക്കുന്നത്. ക്രിസ്തുവിനെ അനുഭവിച്ചറിയാനും നമ്മുടെ വിശ്വാസം ശക്തിപ്പെടുത്താനും യഥാർത്ഥ ശിഷ്യന്മാരായി ഒന്നിച്ച് മുന്നേറാനുമുള്ള മികച്ചൊരു അവസരമാണ് ഈ കൺവെൻഷൻ.

കൃപാപൂർണ്ണമായ ഈ കൂട്ടായ്മയിലേക്ക് നിങ്ങളെ ഏവരെയും ഐസിവൈഎം ദേശീയ സമിതി ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. ഏവർക്കും സുരക്ഷിതവും അർത്ഥവത്തും സുഗമവുമായ ഒരു അനുഭവം ഉറപ്പാക്കുന്നതിനായി, താഴെ പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുകയും കൺവെൻഷനിലുടനീളം അവ പാലിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

### പ്രധാന വിവരങ്ങൾ

- **തീയതി**: 2026 ഒക്ടോബർ 13 മുതൽ 16 വരെ
- **വേദി**: ക്രൈസ്റ്റ് ജൂനിയർ കോളേജ്, ഹൊസൂർ മെയിൻ റോഡ്, ബെംഗളൂരു
- എത്തിച്ചേരേണ്ട സമയം: പങ്കെടുക്കുന്ന എല്ലാവരും 2026 ഒക്ടോബർ 12-നോ, അല്ലെങ്കിൽ ഒക്ടോബർ 13 രാവിലെ 10:00 മണിക്ക് മുമ്പോ ആയി വേദിയിൽ എത്തിച്ചേരേണ്ടതാണ്.
- ഒക്ടോബർ 13 ഉച്ചയ്ക്ക് 2:30-നാണ് ഉദ്ഘാടനച്ചടങ്ങ്. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാൻ കൃത്യസമയത്ത് എത്തിച്ചേരുക.
- മടക്കയാത്ര: കൺവെൻഷൻ ഒക്ടോബർ 16 വൈകുന്നേരം 6:00 മണിക്ക് സമാപിക്കും. അതിനുശേഷം മടക്കയാത്ര ആരംഭിക്കാവുന്നതാണ്.

- അടുത്ത ദിവസം മടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് ഒക്ടോബർ 17 രാവിലെ 8:00 മണി വരെ താമസസൗകര്യം ലഭ്യമായിരിക്കും.
- യാത്രാ സൗകര്യം: പങ്കെടുക്കുന്നവർ സ്വന്തമായി യാത്രാസൗകര്യം ക്രമീകരിക്കേണ്ടതാണ്. റെയിൽവേ സ്റ്റേഷൻ, എയർപോർട്ട്, ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ നിന്ന് നാഷണൽ ഓഫീസ് യാത്രാസൗകര്യം ക്രമീകരിക്കുന്നതല്ല. എന്നാൽ പ്രധാന റെയിൽവേ സ്റ്റേഷനുകളിലും ട്രാൻസ്പോർട്ട് ഹബ്ബുകളിലും സഹായികളായ വോളന്റിയർമാരുടെ സേവനം ലഭ്യമായിരിക്കും.

**കൂടെ കരുതേണ്ട വസ്തുക്കൾ (What to Bring?)**

- അത്യാവശ്യ വസ്തുക്കൾ: ബൈബിൾ, ജപമാല, വ്യക്തിഗത മരുന്നുകൾ, മൊബൈൽ ചാർജർ, രണ്ട് ബെഡ് ഷീറ്റുകൾ, തലയിണക്കവർ, ടവൽ, ടോയ്‌ലറ്ററി സാമഗ്രികൾ, വാട്ടർ ബോട്ടിൽ, നോട്ട്ബുക്ക്, പേന, എക്സ്റ്റൻഷൻ ബോർഡ് (Power Strip).
- സാംസ്കാരിക പരിപാടികൾക്ക്: പ്രാദേശിക പതാക (Regional Flag), പരമ്പരാഗത വസ്ത്രങ്ങൾ, യൂത്ത് ടീ-ഷർട്ടുകൾ.
- വൈദികർക്കായി: ദിവ്യബലി അർപ്പണത്തിനായി കാസക്ക്/ആൽബ് (Cassock/Alb) കരുതുക.

**മറ്റ് പ്രധാന നിർദ്ദേശങ്ങൾ**

- കിറ്റ് വിതരണം: വേദിയിൽ എത്തിച്ചേരുമ്പോൾ കൺവെൻഷൻ കിറ്റുകൾ വിതരണം ചെയ്യുന്നതാണ്. റീജിയണൽ/രൂപതാ പ്രതിനിധികൾ ഒഫീഷ്യൽ കൺഫർമേഷൻ ലെറ്റർ (പ്രിന്റ് അല്ലെങ്കിൽ ഡിജിറ്റൽ) കാണിക്കേണ്ടതാണ്.
- രജിസ്ട്രേഷൻ: സ്പോട്ട് രജിസ്ട്രേഷൻ ഉണ്ടായിരിക്കുന്നതല്ല.
- ഭാഷ: ക്ലാസുകളും സെഷനുകളും പ്രധാനമായും ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലായിരിക്കും.
- ഭക്ഷണക്രമം: അലർജിയോ മറ്റ് പ്രത്യേക ഭക്ഷണക്രമങ്ങളോ ആവശ്യമുള്ളവർ വിവരം സംഘാടക സമിതിയെ മുൻകൂട്ടി അറിയിക്കുക.
- ആത്മീയ അവസരങ്ങൾ: കുമ്പസാരം, സ്പിരിച്വൽ കൗൺസിലിംഗ്, ദിവ്യകാരുണ്യ ആരാധന എന്നിവ പ്രയോജനപ്പെടുത്തുക.

**കൂടുതൽ വിവരങ്ങൾക് ബന്ധപ്പെടുക (NEXCO - Kerala Region)**


- Mr. Arun Raj C S : +91 9497665778
- Ms. Rose May K J : +91 8089186678


കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിക്കു വേണ്ടി


ഷെറിൻ കെ. ആർ.

ജനറൽ സെക്രട്ടറി